**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3958** **09-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീര ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സഹായിക്കുന്നതിനുമായി ക്ഷീരഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖാന്തിരം ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | 2016-17 സാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. 2024-25 ൽ തെരഞ്ഞെടുത്ത 40 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 2025-26-ൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 40 പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ പുതിയ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിലൂടെ പുതിയ 1 പശു, 2 പശു,5 പശു ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കാലിത്തൊഴുത്ത് നിർമ്മാണത്തിനു സാമ്പത്തിക സഹായം നൽകുന്നില്ല. |
| (സി) | നിലവിലുള്ള കർഷകർക്ക് പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഫാമുകൾ ആധുനികീകരിക്കുന്നതിനും പ്രസ്തുത പദ്ധതി സഹായകമാണോ; വ്യക്തമാക്കാമോ; | (സി) | സഹായകരമാണ്. ഡയറി യൂണിറ്റുകൾ നടപ്പിലാക്കുന്നതിനാൽ കർഷകർക്ക് പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു. ഡയറി ഫാം യന്ത്രവൽക്കരണം, കറവയന്ത്രം വാങ്ങൽ, ചാണകക്കുഴി നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി ഫാമുകളുടെ ആധുനിക വൽക്കരണം സാധ്യമാണ്. |
| (ഡി) | ക്ഷീരമേഖല സ്വയം പര്യാപ്തത നേടി ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ? | (ഡി) | ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതു വഴി കേന്ദ്രീകൃതമായ പദ്ധതി നിർവ്വഹണവും മോണിട്ടറിംഗും സാധ്യമാവുകയും ക്ഷീരകർഷകരുടെ വരുമാനം വർദ്ധിക്കുകയും ഓരോ ഗ്രാമ പഞ്ചായത്തും പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തിച്ചേരുകയും അതിലൂടെ ക്ഷീരസ്വയംപര്യാപ്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ അതിവേഗം കഴിയുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

## ക്ഷീര വികസന വകുപ്പ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി ഇനങ്ങൾ

| ക്രമ നം | പദ്ധതി ഇനം | ധനസഹായം തുക / യൂണിറ്റ് (രൂപ) |
|---|---|---|
| 1 | സ്പെഷ്യൽ കർഷക സമ്പർക്ക പരിപാടി | 3000 |
| 2 | സ്പെഷ്യൽ ക്വാളിറ്റി അഷ്വറൻസ് ഡ്രൈവ് | 7500 |
| 3 | 2 പശു യൂണിറ്റ് | 60000 |
| 4 | 5 പശു യൂണിറ്റ് | 150000 |
| 5 | ഡയറി ഫാം യന്ത്രവൽക്കരണം | 50000 |
| 6 | സങ്കരനേപ്പിയർ കൃഷിക്കുള്ള ധനസഹായം | 24250 |
| 7 | പുൽകൃഷിക്കുള്ള ജലസേചന ധനസഹായം (1ഏക്കറിൽ കൂടുതൽ) | 10000 |
| 8 | തീറ്റപ്പുൽ കൃഷി യന്ത്രവൽക്കരണം | 10000 |
| 9 | ക്ഷീരസംഘങ്ങൾ വഴിയുള്ള തീറ്റപ്പുൽ/ വയ്ക്കോൽ/ സൈലേജ് വിതരണം | 10000 |
| 10 | കറവപശുക്കൾക്കുള്ള ധാതുലവണ മിശ്രിതം വിതരണ ധനസഹായം | 135 |

## ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി ഇനങ്ങൾ

| ക്രമ നം | പദ്ധതി ഇനം | ധനസഹായം തുക / യൂണിറ്റ് (രൂപ) |
|---|---|---|
| 1 | 1 പശു യൂണിറ്റ് | 30000 |
| 2 | ഗർഭിണി പശുക്കളെ വാങ്ങുന്നതിന് സഹായം | 20000 |
| 3 | കറവയന്ത്രം | 30000 |
| 4 | കറവപശുക്കൾക്കുള്ള കാലിത്തീറ്റ | 10000 |
| 5 | ചാണകക്കുഴി നിർമ്മിക്കുന്നതിന് | 25000 |

ഇവയിൽ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ ആവശ്യകതയനുസരിച്ച് തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ആകെ വിനിയോഗിക്കുന്ന പദ്ധതി തുകയുടെ 50 ശതമാനത്തിൽ കൂടുതൽ പശുക്കളെ വാങ്ങുന്നതിനായിത്തന്നെ ചെലവഴിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.